**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **04-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന സമയപരിധിക്കുള്ളിൽ സംസ്ഥാന അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ സംസ്ഥാന അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നതിനു നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. |
| (ബി) | സംസ്ഥാനത്ത്കൗൺസിൽ രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ പാരാമെഡിക്കൽ കോഴ്സ് പഠിച്ചിറങ്ങിയവർക്ക് വിദേശ ജോലി സാധ്യത നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) | ഈ വിഷയം സംബന്ധിച്ച് പരാതികളും അപേക്ഷകളും ലഭിക്കാറുണ്ട്. 2008-ലെ GO (Rt) No. 1504/2008/H&FWD പ്രകാരം കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും സംസ്ഥാനത്തെ മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ ഡിപ്ലോമ/ബിരുദ ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ നിലവിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നുള്ളൂ. GO (Rt) No. 3716/2008/H&FWD, GO (Rt) No. 4934/2010/H&FWD പ്രകാരം, കേരളത്തിന് പുറത്ത് പഠനം പൂർത്തിയാക്കിയ അപേക്ഷകർക്ക് നിലവിൽ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ കൊടുക്കാൻ സാധ്യമല്ല. സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും രജിസ്ട്രേഷൻ നൽകുന്നതും മറ്റും പ്രസ്തുത കൗൺസിൽ പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ